നെസ്റ്റ (NESTA: National Endowment for Science, Technology and Arts) ഒരു ബ്രിട്ടീഷ് സ്ഥാപനമാണ്. പുതിയ പുതിയ ആവിഷ്കാരങ്ങൾക്കുള്ള ശേഷി പരിപോഷിപ്പിക്കുക എന്നതാണ് ഈ സ്ഥാപനത്തിന്റെ ദൗത്യം. പുത്തൻ ആശയങ്ങൾ കൊച്ചു കൊച്ചു പുസ്തകങ്ങളായി അവർ പ്രസിദ്ധീകരിക്കുന്നു. അവയ്ക്ക് കൊടുത്തിട്ടുള്ള പൊതു പേരാണ് പ്രകോപനം. (Provocation)പ്രകോപനം - 09 ആയാണ് ഈ ചെറു പുസ്തകം പ്രസിദ്ധീകരിച്ചിട്ടുള്ളത്.

റോബിൻ മുർറേ ഒരു വ്യാവസായിക-പാരിസ്ഥിതിക സാമ്പത്തിക ശാസ്ത്രജ്ഞനാണ്. 'ദുർവ്യയ വ്യൂഹങ്ങൾ', 'ഊർജ വ്യൂഹങ്ങൾ' എന്നീ മേഖലകളിലാണ് അദ്ദേഹം അടുത്ത കാലത്തായി പ്രവർത്തിക്കുന്നത്. ഫെയർ ട്രേഡിങ്ങ് കമ്പനിയായ ട്വിൻ ട്രേഡിങ്ങിന്റെ സഹ സ്ഥാപകനാണ് അദ്ദേഹം. വ്യവസ്ഥാപിത വ്യാപാര സങ്കല്പങ്ങൾ മറികടന്നുകൊണ്ട് ജനങ്ങളും ജനങ്ങളും തമ്മിൽ നടത്തുന്ന നേർക്കുനേർ വ്യാപാര സങ്കല്പത്തിന്റെ ഭാഗമാണ് 'മര്യാദക്കച്ചവടം' അഥവാ ഫെയർ ട്രേഡിങ്. ന്യായക്കച്ചവടം (Just Trading) പ്രത്യക്ഷക്കച്ചവടം (Direct Trading) എന്നിങ്ങനെ പല പേരിലും ഇവ അറിയപ്പെടുന്നു.

പ്രകോപനാത്മകങ്ങളായ - അതോ പ്രചോദനാത്മകങ്ങളോ, വായനക്കാരുടെ കാഴ്ചപ്പാടനുസരിച്ചിരിക്കും അത് - ചില ആശയങ്ങളാണ് മുർറേ ഈ പ്രബന്ധത്തിലൂടെ അവതരിപ്പിക്കുന്നത്. ഇപ്പോൾ ലോകം കടന്നുപോയിക്കൊണ്ടിരിക്കുന്ന 'സാമ്പത്തിക പ്രതിസന്ധി' മുമ്പുണ്ടായിരുന്നതിൽ നിന്നു വ്യത്യസ്തമാണ്, 1930 കളിലേതിന് സദൃശമാണ്, ഒരു യുഗ പരിവർത്തന സന്ധ്യയാണ് അത് സൂചിപ്പിക്കുന്നത്. പഴയ സിദ്ധാന്തങ്ങളുടെ അടിസ്ഥാനത്തിൽ അതിന് പരിഹാരം കാണാൻ കഴിയില്ല. വ്യവസ്ഥയിൽ മൗലികമായ മാറ്റം വരണം - ഇതാണ് മുർറേ വാദിക്കുന്നത്.

1847 ൽ കവി മാത്യു ആർനോൾഡ് പറഞ്ഞപോലെ സമൂഹം ഇന്ന് "രണ്ട് ലോകത്തിനിടക്ക് ചാഞ്ചാടുകയാണ്, ഒന്നു മരിച്ചതാണ്, മറ്റേത് ജനിക്കാൻ വേണ്ട ശക്തിയില്ലാത്തതും." വെനിസുവേലൻ സാമ്പത്തിക ശാസ്ത്രജ്ഞയായ കാർലോട് പ്യേറസിനെ പിന്തുടർന്നുകൊണ്ട് മുർറേ പറയുന്നു: പണമിടപാടുകളുടെ ലോകത്തിൽനിന്നും സ്ഥൂല സാമ്പത്തികത്തിന്റെ ലോകത്തിൽനിന്നും ഭൗതിക വസ്തുക്കളുടെ ലോകത്തേക്ക് മാറാം. അവിടെ ശാസ്ത്ര-സാങ്കേതിക വിപ്ലവങ്ങളുടെ സൃഷ്ടിയായ കൊടുങ്കാറ്റുകളുണ്ട്, ഭൂകമ്പങ്ങളുണ്ട്. പുതിയ സാങ്കേതിക വിദ്യകളും സംഘാടന രീതിയും രൂപംകൊണ്ട് 20-30 കൊല്ലം കൊണ്ടാണ് ഈ കൊടുങ്കാറ്റുകൾ ഉണ്ടാകുന്നത്. ആദ്യം മതിമറന്ന വികാസം, പിന്നെ പണമൂലധനത്തിന്റെ ഭ്രാന്തുപിടിച്ച നെട്ടോട്ടം, അവസാനം തകർച്ച.



ഒരു വശത്ത് ഇന്നത്തെ പ്രതിസന്ധി ചൂതാട്ട മൂലധനത്തിന്റെ പ്രതിസന്ധിയാണ്. എന്നാൽ അതിലും ആഴത്തിലുള്ള ഒന്നാണത്. 1970 കൾ ആയപ്പോഴേക്കും വൻകിട ഉല്പാദനത്തിന്റെ ലാഭസാധ്യത കുറയാൻ തുടങ്ങി. മൂന്നു വസ്തുതകളാണ് തൽക്കാലത്തേക്ക് അതിനെ പിടിച്ചുനിർത്തിയത്. ഒന്ന്, സാർവ്വദേശീയമായി നടന്ന ഉദാരവൽക്കരണവും പുതിയ വിപണികളും. രണ്ട്, ആവശ്യാനുസരണം മാറ്റം വരുത്താവുന്ന (Flexible) ഉല്പാദന വ്യൂഹങ്ങൾ. മൂന്ന്, കുറഞ്ഞ കൂലിയുള്ള പ്രദേശങ്ങളിലേക്ക് ഉല്പാദനം വ്യാപിച്ചതിന്റെ ഫലമായി, വേതനത്തിന് ആപേക്ഷികമായി ലാഭത്തിലുണ്ടായ വർദ്ധന (അഥവാ, കൂടുതൽ ഉയർന്ന ചൂഷണ നിരക്ക്). ഉദാഹരണത്തിന് അമേരിക്കയിൽ 2006 ൽ ദേശീയ വരുമാനത്തിന്റെ 51% ആയിരുന്നു വേതനം. 2008-09 ൽ അത് 48-49% ആയി കുറഞ്ഞു; OECD രാജ്യങ്ങളിൽ 1970 കളിൽ വേതന ശതമാനം 75% ആയിരുന്നു. ഇന്നിത് 66% മാത്രമാണ്. സ്വാഭാവികമായും ഉപഭോഗ വസ്തുക്കൾക്കുള്ള ഡിമാന്റ് കുറയുന്നതിന് ഇത് കാരണമായി. ഇനി എങ്ങോട്ട്?

കഴിഞ്ഞ രണ്ട്-മൂന്ന് പതിറ്റാണ്ടുകളായി രൂപപ്പെട്ടുവരുന്ന പുതിയ സാമ്പത്തിക ഭൂപ്രകൃതിയെ മുർറെ വിവരിക്കുന്നത് ഇങ്ങനെയാണ്.

**1. കേന്ദ്രീകൃത നിയന്ത്രണത്തിൽനിന്ന് വിതരിത സംഘാടനത്തിലേക്കുള്ള മാറ്റം.**

ഇതിൽ വിവര സാങ്കേതിക വിപ്ലവം നിർണായകമായ പങ്കു വഹിക്കുന്നു. ഗൂഗിൾ, ലിനക്സ്, ഓപ്പൺ സോഴ്സ്, ഇടനിലക്കാരനില്ലാതെ നേർക്കുനേർ ബന്ധപ്പെടൽ മുതലായവയൊക്കെ, പുതിയ രീതിയിൽ കാര്യങ്ങൾ കാണുന്നതും ചെയ്യുന്നതും സാധ്യമാക്കുന്നു. കേന്ദ്രീകരണത്തിന്റെ പരമ്പരാഗത മേഖലകളായ ഊർജ്ജം, ഫിനാൻസ്, ഭക്ഷണം (അഗ്രി ബിസിനസ്) മുതലായവയിലേക്ക് വിതരിത ഉല്പാദന വ്യവസ്ഥ കടന്നുകയറാൻ തുടങ്ങിയിരിക്കുന്നു.

**2. ഹരിത വ്യവസായം:** എണ്ണ അടിസ്ഥാനമാക്കിയിരുന്ന വ്യവസായങ്ങൾ സസ്യങ്ങളിലേക്ക് മാറുന്നു (ബയോ ഡീസൽ!) നിർമ്മാണ പ്രവർത്തനങ്ങൾക്ക് കൂടുതൽ കൂടുതലായി പ്രത്യേകമായി അഭികല്പന ചെയ്ത സംയുക്ത (Composite) പദാർത്ഥങ്ങൾ ഉപയോഗിക്കാൻ തുടങ്ങിയിരിക്കുന്നു; ഊർജ്ജ സ്രോതസ്സുകളായി കാറ്റ്, സൂര്യൻ, തിരമാല, ഭൂതാപം മുതലായവയെ കൂടുതൽ കൂടുതൽ കാണാൻ തുടങ്ങിയിരിക്കുന്നു; ഉപഭോഗം കുറയ്ക്കണം എന്ന ആശയത്തിന് ശക്തി കൂടാൻ തുടങ്ങിയിരിക്കുന്നു; ഭൗതിക പദാർത്ഥങ്ങളുടെ ഉപഭോഗം കുറയ്ക്കണം, വിഷാക്തവസ്തുക്കളുടെ വിസർജ്ജനം കുറയ്ക്കണം, പുനഃചംക്രമണം ചെയ്യണം, വീണ്ടും വീണ്ടും ഉപയോഗിക്കണം മുതലായ ആശയങ്ങൾക്ക് പ്രചാരം കൂടിവരുന്നു. എന്നാൽ മുതലാളിത്തത്തിന്റെ അന്തഃസത്തയായ 'വികാസ' സങ്കല്പത്തിൽനിന്ന് രക്ഷപ്പെടാൻ ഇനിയും കഴിഞ്ഞിട്ടില്ല.

**3. പുതിയൊരു സാമൂഹിക സമ്പദ്‌വ്യവസ്ഥ (Social Economy)**വളർന്നുവരാൻ തുടങ്ങിയിരിക്കുന്നു. ഇതിന് രണ്ടു വശങ്ങളുണ്ട്.

# പുതിയ സാമൂഹിക സമ്പദ് വ്യവസ്ഥ ആഗോള പ്രതിസന്ധിയിൽ

റോബിൻ മുർറേയുടെ Danger and Opportunity എന്ന ശ്രദ്ധിക്കപ്പെടേണ്ട പുസ്തകം **ഡോ.എം.പി.പരമേശ്വരൻ** അവതരിപ്പിക്കുന്നു.






ഒന്ന് ലാഭമുണ്ടാക്കാനുള്ള ഉല്പാദനത്തിന് പകരം ജന നന്മക്കു വേണ്ടിയുള്ള ഉല്പാദനത്തിന് പ്രാധാന്യം നൽകുന്നു. സ്വയം സഹായ സംഘങ്ങൾ, പരസ്പര സഹായ സംഘങ്ങൾ, സഹകരണ സംഘങ്ങൾ മുതലായവയൊക്കെ ഇതിൽ പെടുന്നു. ഇത്തരത്തിലുള്ള പല വിധങ്ങളായ പ്രസ്ഥാനങ്ങൾ ലോകത്തിലെമ്പാടും മുമ്പൊരിക്കലും നടക്കാത്ത വിധത്തിൽ വളർന്നു വരികയാണ്. മറ്റൊന്ന് ഉല്പാദകനും ഉപഭോക്താവും തമ്മിലുള്ള ബന്ധത്തിന്റെ സ്വഭാവത്തിൽ വന്ന മാറ്റമാണ്. ഉല്പാദകൻ സ്റ്റാൻഡേർഡ് പാർട്ടുകൾ ഉണ്ടാക്കുന്നു. ഉപഭോക്താവ് തനിക്ക് ആവശ്യമുള്ള വിധത്തിൽ അവ കൂട്ടിയിണക്കി തനിക്ക് ആവശ്യമുള്ള ഉല്പന്നം ഉണ്ടാക്കുന്നു. ഒരു പുതിയ കാറ്റഗറി, സംവർഗ്ഗം രൂപപ്പെടുന്നു. Prosumer അഥവാ ഉൽപോക്താവ്. സ്വന്തമായ ഊർജ്ജ ഉല്പാദനം, ഗാർഹിക ജല സംസ്കരണം, ഇലക്ട്രിക് കാർ മുതലായവയൊക്കെ ഉപഭോക്താവിന് കൂടുതൽ സ്വാതന്ത്ര്യം നൽകുന്നു.

**4. പുതിയ പ്രശ്നങ്ങൾ:** ജനസംഖ്യാ വിതരണത്തിൽ വരുന്ന മാറ്റങ്ങൾ ഭാവിയിൽ ഭീമമായ പ്രശ്നങ്ങൾ സൃഷ്ടിക്കുന്നതാണ്. വയസ്സായവരുടെ എണ്ണം കൂടും. 65 വയസ്സിന് മേലുള്ളവർ ഇന്ന് മൊത്തം ജനസംഖ്യയുടെ 20 ശതമാനത്തിൽ താഴെയാണ് (വികസിത രാജ്യങ്ങളിൽ!) ഇത് 30 ശതമാനത്തിൽ അധികമാകും. പുതിയ രോഗങ്ങൾ കൂടുതൽ വ്യാപകമാകും. ഉടൻ മൂർച്ഛിക്കുന്ന രോഗങ്ങൾക്കു പകരം സ്ഥായിയായ രോഗങ്ങൾക്ക് പ്രാമുഖ്യം വരും. ആരോഗ്യ സേവനച്ചെലവ് 2020 ആകുമ്പോഴേക്കും അമേരിക്കയിൽ മൊത്തം ദേശീയ വരുമാനത്തിന്റെ 20% വരെയായി ഉയർന്നേക്കാം.

കാലാവസ്ഥാ മാറ്റങ്ങൾ വരുത്തുന്ന പ്രശ്നങ്ങളാണ് മറ്റൊന്ന്. ലോകത്തിന്റെ അസ്സൽ ഉല്പാദനത്തിൽ 20% വരെ കുറവ് വന്നേക്കാം. മാനവരാശിയുടെ പകുതിയോളം വരുന്ന ദരിദ്രരുടെ, പട്ടിണിക്കാരുടെ പ്രശ്നങ്ങൾ കാണാൻ ആളുകൾ ഉണ്ടായിരിക്കില്ല.

**5. സാമൂഹ്യ പ്രസ്ഥാനങ്ങൾ:** 1970 കളിലായി വളർന്നുവന്ന പ്രധാന സാമൂഹ്യ പ്രസ്ഥാനങ്ങളാണ് പരിസ്ഥിതി പ്രസ്ഥാനം, സ്ത്രീ പ്രസ്ഥാനം, കറുത്തവരുടെ പ്രസ്ഥാനം, സ്വവർഗഭോഗികളുടെ പ്രസ്ഥാനം, വികലാംഗരുടെ പ്രസ്ഥാനം മുതലായവ. ഇവയൊക്കെ ഒരു വശത്ത് സാമ്പത്തികവും മറുവശത്ത് സാംസ്കാരികവും ആണ്. സമൂഹത്തിന്റെ നടത്തിപ്പു കളിയിൽ പൗരന്മാർ കാണികൾ എന്ന സ്ഥാനം വിട്ട് കളിക്കാരായി മാറിക്കൊണ്ടിരിക്കുകയാണ്. കളിയുടെ നിയമങ്ങളിൽപ്പോലും അവർ മാറ്റങ്ങൾ വരുത്തിക്കൊണ്ടിരിക്കുകയാണ് – ഉദാഹരണത്തിന് 'മര്യാദക്കച്ചവടം' (Fair trade).

**6. പുതിയ മുന്നേറ്റങ്ങൾ:** വിതരിത ഉല്പാദനം, മര്യാദക്കച്ചവടം, സമൂഹ സമ്പദ്‌വ്യവസ്ഥ മുതലായവയൊന്നും പുതിയ സാങ്കേതിക വിദ്യകളുടെ ഉല്പന്നങ്ങളല്ല, പുതിയ പാരഡൈമുകളുടെ, പുതിയ കാഴ്ചപ്പാടുകളുടെ ഉല്പന്നങ്ങളാണ്. ഓപ്പൺ യൂണിവേഴ്സിറ്റി, ഓപ്പൺ കോളേജ്, ഓപ്പൺ കോഴ്സ് സാമഗ്രികൾ മുതലായവ ഇതിന്റെ ഉല്പന്നങ്ങളാണ്. സർവകലാശാലകൾ 'വിജ്ഞാനപ്പേട്ടകൾ' (knowledge hubs)ആയി

മാറിക്കൊണ്ടിരിക്കയാണ്.

**7. നാനാ മുഖങ്ങൾ:** പുതിയ സാങ്കേതിക വിദ്യകളൊന്നും കൂടാതെ വളർന്നു വരുന്നവയാണ് വിതരിത വ്യൂഹങ്ങൾ. കാർബൺ കുറച്ച സമ്പദ്‌വ്യവസ്ഥ, സമൂഹ സമ്പദ്‌വ്യവസ്ഥ, ഹരിത പ്രസ്ഥാനങ്ങൾ, ഹരിത വ്യവസായങ്ങൾ, പ്രതിഷേധം(ബഹിഷ്കരണം), തദ്ദേശീയ ഉല്പാദനവും ഉപഭോഗവും എന്നിവ അടങ്ങുന്ന പുതിയ അർത്ഥശാസ്ത്രം, സൈക്കിൾ പാതകളും നടപ്പാതകളും (ഹോളണ്ടിലെ ഗ്രോണിങ്ഗൺ) റോഡിൽ വാഹന ഗതാഗത നിരോധനം (കുറിത്തോബ, ബ്രസീൽ) പാടം മുതൽ തീൻമേശ വരെ സഹകരണം... വൻകിട ഭീമന്മാർക്ക് ദഹിക്കാത്ത ഒട്ടനവധി പുതിയ പരിവർത്തന മുഖങ്ങൾ രൂപപ്പെട്ടു വരുന്നുണ്ട്.

ഇന്നത്തെ പ്രതിസന്ധി തരണം ചെയ്യുമ്പോൾ അരങ്ങിൽ അവശേഷിച്ചേക്കാവുന്ന കാര്യങ്ങളാണ് മുകളിൽ കൊടുത്തിരിക്കുന്നത്. സമൂഹ സമ്പദ്‌വ്യവസ്ഥ ആവശ്യമാണ്. പക്ഷെ അതുകൊണ്ടു മാത്രം മതിയാകില്ല. പുതിയ ഒരു നെറ്റ് വർക് കാഴ്ചപ്പാടിലേക്ക് മാറേണ്ടിയിരിക്കുന്നു. സംസ്കാരം കൂടുതൽ കൂടുതൽ സങ്കീർണമായി കൊണ്ടിരിക്കയാണ്. കേന്ദ്രീകൃതമായി അവ കൈകാര്യം ചെയ്യാൻ ശ്രമിക്കുന്നത് മഠയത്തരമാണ്. അവയെ ഇഴപിരിച്ച് വിവിധ യൂണിറ്റുകളിലായി വിതരണം ചെയ്യണം, വീടുകൾ വരെ. കുരുക്കുകളഴിക്കാൻ ആവശ്യമായ വിവരങ്ങൾ സ്ഥിതിചെയ്യുന്നത് സമൂഹത്തിൽ ആകെ ആയാണ്. ഉല്പാദകരും ഉപഭോക്താക്കളും തമ്മിലുള്ള ബന്ധങ്ങൾ മാറേണ്ടിയിരിക്കുന്നു. തൊഴിലിടങ്ങളിലും തൊഴിലാളികളുടെ വേതനത്തിലും ഒക്കെ പുതിയ കാഴ്ചപ്പാടുകൾ ആവശ്യമായിരിക്കുന്നു. വിതരിതവും അതേ സമയം പരസ്പര ബന്ധിതവും കേന്ദ്രങ്ങളോടു കൂടിയതുമായ പുതിയൊരു സംവിധാനം രൂപപ്പെടുത്തികൊണ്ടല്ലാതെ ഈ സങ്കീർണതക്ക് പരിഹാരം കാണാനാകില്ല.

**സാമൂഹിക സാമ്പത്തികത്തിന്റെ സാധ്യതകളും പരിമിതികളും**

അറച്ചറച്ചാണെങ്കിലടും വളർന്നുവരുന്ന പുതിയ സമൂഹ സമ്പദ് വ്യവസ്ഥക്ക് ഒട്ടേറെ സാധ്യതകൾ ഉണ്ട്. വിഭവ വിതരണം, നികുതികൾ, പെൻഷനുകൾ, അവകാശങ്ങൾ, സ്വത്ത്, സ്ഥാപനങ്ങൾ... ഇവയിലൊക്കെ പരിഷ്കാരങ്ങൾ വരുത്താം. എന്നാൽ ഇവയെക്കുറിച്ചെല്ലാം നന്നെ കുറച്ചു മാത്രമേ അപഗ്രഥനാത്മകമായ പഠനങ്ങൾ നടന്നിട്ടുള്ളൂ.

പുതിയ സമൂഹ സമ്പദ്‌വ്യവസ്ഥക്ക് നാലു വ്യത്യസ്ത തട്ടകങ്ങൾ ഉള്ളതായി മുർറേ പറയുന്നു. ഭരണകൂടം നിയന്ത്രിക്കുന്ന ഒന്ന്, മാർക്കറ്റ് നിയന്ത്രിക്കുന്ന മറ്റൊന്ന്, വിവിധങ്ങളായ ഗ്രാന്റുകളുടേതായ ഒന്ന്, ഇവയിൽനിന്നെല്ലാം വ്യത്യസ്തമായി കുടുംബങ്ങളുടേതായ നാലാമതൊന്ന്.

നമ്മുടെ സമൂഹത്തിൽ നിന്നുള്ള ഉദാഹരണങ്ങൾ എടുക്കാം. കുടുംബശ്രീ ഉല്പാദന സംരംഭങ്ങൾ, വില്പന സംഘങ്ങൾ, സന്നദ്ധ സംഘങ്ങളുടെ ഉല്പാദന പ്രവർത്തനങ്ങൾ - ഉദാഹരണത്തിന് ശാസ്ത്ര സാഹിത്യ പരിഷത്തിന്റെ പുസ്തക പ്രസിദ്ധീകരണ സംരംഭം, കുടുംബശ്രീ സംഘങ്ങൾ നടത്തുന്ന കാന്റീനുകൾ -മുതലായവയൊക്കെ സമൂഹ സമ്പദ്യവ്യവസ്ഥയിലെ മാർക്കറ്റിന്റെ തട്ടകത്തിലുള്ളവയാണ്. വിവിധങ്ങളായ പെൻഷനുകൾ, പൊതു വിതരണം, പൊതു വിദ്യാഭ്യാസം, പൊതുജനാരോഗ്യം, റോഡുകൾ (ടോൾ റോഡുകളല്ല) തുടങ്ങിയവ ഭരണകൂടത്തിന്റെ തട്ടകത്തിൽ പെട്ടതാണ്. വിവിധങ്ങളായ ഏജൻസികൾ നൽകുന്ന ഗ്രാന്റുകൾ, സന്നദ്ധ സംഘടനയിലെ അംഗങ്ങൾ നടത്തുന്ന സേവന പ്രവർത്തനങ്ങൾ മുതലായവയൊക്കെ ഗ്രാന്റിന്റെ തട്ടകത്തിൽ പെടുന്നു. ഉദാഹരണത്തിന് ശാസ്ത്ര സാഹിത്യപരിഷത്തിന്റെ പ്രവർത്തകർ വീടുവീടാന്തരം കയറിയിറങ്ങി പുസ്തകപ്രചാരണം നടത്തുമ്പോൾ, അതിന്റെ ഫലമായി ഏതാണ്ട് 40 ലക്ഷത്തോളം രൂപ ലാഭിക്കുന്നുണ്ട് - ബുക്സ്റ്റാൾ വില്പനയെ അപേക്ഷിച്ച്. ഇത് പ്രവർത്തകർ നൽകുന്ന സംഭാവനയാണ്.

ഇനിയും സൈദ്ധാന്തികമായി വേണ്ടത്ര ആഴത്തിൽ പഠിച്ചിട്ടില്ലാത്ത ഒന്നാണ് വീടുകളിൽ നടക്കുന്ന, പ്രത്യേകിച്ചും സ്ത്രീകൾ നടത്തുന്ന സാമ്പത്തിക പ്രവർത്തനങ്ങൾക്ക് സമ്പദ് വ്യവസ്ഥയിലുള്ള സ്ഥാനം. പരമ്പരാഗതമായി 'വീട്ടുജോലി' എന്ന പേരിൽ സമ്പദ് വ്യവസ്ഥയിൽ അദൃശ്യമായിരുന്ന പലതും ഇന്ന് മാർക്കറ്റിൽ കാണാൻ തുടങ്ങിയിരിക്കുന്നു. പാചകം, കുട്ടികളെ നോക്കൽ, ശുചീകരണം, അലങ്കരണം.... ഇങ്ങനെ മുമ്പ് സ്ത്രീകൾ ചെയ്തിരുന്ന പലതും ഇന്ന്, മാർക്കറ്റിന്റെ പരിധിയിൽ വരാൻ തുടങ്ങിയിട്ടുണ്ട്. എന്നാൽ മൊത്തം പ്രവർത്തനത്തിന്റെ ചെറിയൊരു ഭാഗം മാത്രമേ ഇപ്പോഴും മാർക്കറ്റിൽ എത്തിയിട്ടുള്ളൂ. മുഴുവൻ കണക്കിലെടുക്കാതെ സമൂഹ സാമ്പത്തിക ശാസ്ത്രത്തിന് സൈദ്ധാന്തികമായ തെളിമ കിട്ടുന്നതല്ല. ഇത്തരത്തിലുള്ള സൈദ്ധാന്തിക അപഗ്രഥനത്തിൽ ഭരണകൂടം, രാഷ്ട്രീയം, സോഷ്യോളജി, നരവംശ ശാസ്ത്രം, പബ്ലിക് ഫൈനാൻസ്... എല്ലാം അപഗ്രഥിക്കണം, ഉദ്ഗ്രഥിക്കണം.

പക്ഷെ, സമൂഹ സാമ്പത്തിക വ്യവസ്ഥ ഇന്നും അങ്ങിങ്ങായി ചിന്നിച്ചിതറി കിടക്കുന്ന തുരുത്തുകളാണ്. മുഖ്യ ധാരയുമായി അത് ഇനിയും ഇഴുകിചേർന്നിട്ടില്ല. എങ്ങനെ അതിനെ മുഖ്യ ധാരയിലേക്ക് കൊണ്ടുവരാം?

ചൂതാട്ട മുതലാളിത്തം ലോകം ഭരിക്കുന്നിടത്തോളം കാലം സാമൂഹിക സമ്പദ്‌വ്യവസ്ഥയുടെ വളർച്ച അത് തടയും. 'സുരക്ഷിത മാളങ്ങൾ' മാത്രം ആയി സമ്പദ് വ്യവസ്ഥയെ കണ്ടാൽ അത് സുരക്ഷിതമല്ലാതാകും. ചൂതാട്ട മുതലാളിത്തത്തിന്, എല്ലാതരം മുതലാളിത്തത്തിനും എതിരായ കൊച്ചു കൊച്ചു കോട്ടകൾ, കൊച്ചു കൊച്ചു ഗറില്ലാ കേന്ദ്രങ്ങൾ ആയി അവയെ കണ്ടാൽ മാത്രമേ മുന്നേറാൻ കഴിയൂ. പ്രാദേശിക സമ്പദ്

വ്യവസ്ഥയെ ശക്തിപ്പെടുത്തിയും അതിന് വർധമാനമായ തോതിൽ സമൂഹ സ്വഭാവം നൽകിയും മാത്രമേ ഇത് സാധ്യമാകൂ. സമൂഹ സമ്പദ്‌വ്യവസ്ഥയുടെ ചെറുചെറു ഘടകങ്ങളെ ഐടിയുടെ സഹായത്തോടെ ഇന്റർനെറ്റ് വഴി കൂട്ടിയിണക്കാം. അങ്ങനെ അവയുടെ പ്രതിരോധ ശേഷിയും പ്രത്യാക്രമണ ശേഷിയും വർദ്ധിപ്പിക്കാം.

പുതിയ സമ്പദ് വ്യവസ്ഥയിൽ ഭൗതിക വസ്തുക്കളുടെ ആവശ്യങ്ങൾക്ക് പരിധിയുണ്ട്. സമ്പദ് വ്യവസ്ഥയിൽ ഇന്ന് അവയ്ക്കുള്ള പ്രാധാന്യം കുറയും. ഇന്ന് അപ്രധാനമായി കരുതുന്ന ആരോഗ്യം, വിദ്യാഭ്യാസം, ശിശു സംരക്ഷണം, പരിസ്ഥിതി സംരക്ഷണം മുതലായവ പ്രാമാണ്യം വഹിക്കാൻ തുടങ്ങും. ഇവയാകട്ടെ സമൂഹ സമ്പദ് വ്യവസ്ഥക്കാണ് കൂടുതൽ വഴങ്ങുക.

സ്റ്റേറ്റിന്റെ ഇടപെടലിനും ഗ്രാന്റുകൾക്കും പരിമിതിയുണ്ട്. അവ ഒരിക്കലും നിർണായകമാകില്ല.

സാമൂഹിക സംരംഭങ്ങളുടെ മുഖ്യ ലക്ഷ്യം ലാഭമുണ്ടാക്കലല്ല. സമൂഹത്തിന്റെ ആവശ്യങ്ങൾ തൃപ്തിപ്പെടുത്തുക എന്നതാണ്. എന്നാൽ അവയിലും മിച്ചം ഉണ്ടായിക്കൂടെന്നില്ല. എന്നാൽ ലാഭ വിഹിതമായി കൊടുക്കാനുള്ളതല്ല അത്, സമൂഹത്തിന്റെ പൊതുവായ ആവശ്യങ്ങൾ നിറവേറ്റാനാണത് ഉപയോഗിക്കുക.

സ്പെയിനിൽ ബാസ്ക് കൗണ്ടി കേന്ദ്രമാക്കി പ്രവർത്തിക്കുന്ന മൊൺഡ്രാഗൺ ഗ്രൂപ്പായിരിക്കും ലോകത്തിലെ ഏറ്റവും വലിയ സാമൂഹിക സംരംഭം. സഹകരണസംഘ മാതൃകയാണ് സ്വീകരിച്ചിരിക്കുന്നത്. സ്പെയിനിലെ വലിയ സംരംഭങ്ങളിൽ മൂന്നാം സ്ഥാനമാണ് അതിനുള്ളത്. നൂറിരുപതോളം രാജ്യങ്ങളിൽ അതിന്റെ ഘടകങ്ങൾ ഉണ്ട്. വാർഷിക ടേൺ ഓവർ 500 കോടി ഡോളർ വരും. ഇറ്റലിയിലെ 'മൂന്നാം ഇറ്റലി'; ജപ്പാനിലെ 130 ലക്ഷം അംഗങ്ങളുള്ള സഹകരണ പ്രസ്ഥാനം, ബംഗ്ലാദേശിലെ 'ഗ്രാമീണ ബാങ്ക്' തുടങ്ങിയവയും താരതമ്യേന വലിയ സാമൂഹിക സംരംഭങ്ങളാണ്. യു.കെയിൽ 55,000ത്തോളം ചെറുകിട സംരംഭങ്ങൾ ഉണ്ട്. മൊത്തം ദേശീയ വരുമാനത്തിന്റെ ഒരു ശതമാനം വരും അവയുടേത്.

**അടുത്ത ഘട്ടത്തിലേക്ക് എങ്ങനെ കടക്കാം?**

ചെറുതുകൾ ഏറെ ചേരുമ്പോൾ താനേ അവ വലുതാകും. വൻകിട ഉല്പാദനം എത്ര വർദ്ധിച്ചിട്ടും ഇന്നും 'ഗാർഹിക ഉല്പാദനം' നിർണായകമായ ഒരു സ്ഥാനം തന്നെയാണ് വഹിക്കുന്നത്. സൈബർ സ്പേസും ഇന്റർനെറ്റും ഉപയോഗിച്ച് ഇവയെ നെറ്റ് വർക്ക് ചെയ്യാം. ഇതിൽ ഇന്ത്യയെപ്പോലുള്ള രാജ്യത്തിലെ ജനങ്ങൾക്ക് പങ്കെടുക്കാൻ കഴിയണമെങ്കിൽ സൈബർ സ്പേസ് ഉപയോഗിക്കാനുള്ള അവരുടെ ശേഷി വർദ്ധിപ്പിക്കണം. സൈബർ സ്പേസിലെ മലയാളത്തിന്റെ വ്യാപ്തം തുച്ഛമാണ്. മറ്റെല്ലാ ഭാഷകളേക്കാളും കൂടുതൽ സൈബർ സ്പേസ് കയ്യടക്കിവെച്ചിട്ടുള്ളത് ഇംഗ്ലീഷാണ്. അവിടെ ലഭിക്കുന്ന അറിവ് ഏറിയ പങ്കും സ്വകാര്യ സ്വത്തല്ല (സ്വകാര്യ സ്വത്തായി വിൽപ്പനക്കു വെച്ചിട്ടുള്ള അറിവുകളും അതിൽ കാണാം) സൗജന്യമായി ലഭിക്കുന്ന അറിവും കരസ്ഥമാക്കണമെങ്കിൽ ഇംഗ്ലീഷ് ഭാഷയും കമ്പ്യൂട്ടർ ഉപയോഗ ശേഷിയും കരസ്ഥമാക്കേണ്ടതുണ്ട്. മാതൃഭാഷയിലെപ്പോലെ ഇംഗ്ലീഷിലും വെറും സാക്ഷരത കൊണ്ട് മാത്രം മതിയാകില്ല. ആയാസരഹിതമായി ഉപയോഗിക്കാൻ കഴിയുമാറാകണം. ഇന്റർനെറ്റിൽ പരതി നോക്കാൻ കഴിയണം. പുതിയൊരു സമൂഹം സൃഷ്ടിക്കാനുള്ള സമരത്തിന്റെ ഭാഗമായി ഈ കഴിവുകൾ സ്വായത്തമാക്കുക എന്നത് എല്ലാ പ്രസ്ഥാനങ്ങളും ലക്ഷ്യമായി കാണണം. പുതിയ സമൂഹ സമ്പദ് വ്യവസ്ഥ കെട്ടിപ്പടുക്കുന്നതിൽ ജനങ്ങളുടെ അറിവും കഴിവും തുടർച്ചയായി ശക്തിപ്പെടുത്തേണ്ടിയിരിക്കുന്നു. മുർറേ തന്റെ പുസ്തകം ഇങ്ങനെ അവസാനിപ്പിക്കുന്നു:

പുതുതായി ഉയർന്നു വരുന്ന സാങ്കേതിക സാമ്പത്തിക കാഴ്ചപ്പാടിന്റെ വ്യാപനത്തിന് സമൂഹ സമ്പദ് വ്യവസ്ഥ കൂടിയേ തീരൂ എന്നില്ല. പഴയ വ്യവസ്ഥയിലെ പ്രമുഖരായ കളിക്കാർക്ക്, വൻകിട കാർ നിർമാതാക്കൾ, ഊർജക്കമ്പനികൾ മുതലായവക്ക് അവരുടെ കളി തുടരാൻ കഴിയും. എന്നാൽ സമ്പദ് വ്യവസ്ഥയിലെ ദീർഘ തരംഗത്തിന്റെ അടുത്ത ഘട്ടത്തിൽ, ചരക്കുൽപ്പാദനത്തിലൂടെ മാത്രം പരിഹാരം കാണാൻ കഴിയില്ല. പുതിയ, സാമൂഹിക സമ്പദ് വ്യവസ്ഥക്ക് നേതൃത്വപരമായ പങ്ക് വഹിക്കാൻ കഴിയണം. ഇവിടെ സ്ഥാപനപരമായ ഒട്ടേറെ വിടവുകൾ ഉണ്ട്. പുതിയ ആശയങ്ങളെ പ്രവൃത്തിപഥത്തിലേക്ക് കൊണ്ടുവരാൻ ആവശ്യമായ സ്ഥാപനങ്ങളുടെ ഗുരുതരമായ അപര്യാപ്തത കാണാം. ചെറു സംരംഭങ്ങളെ കൂട്ടിയിണക്കി, അവയെല്ലാറ്റിനും ശക്തി പകരുന്ന വൻ സംരംഭങ്ങളാക്കി മാറ്റാൻ ഈ സ്ഥാപനങ്ങൾ ആവശ്യമാണ്.

പുതിയ പുതിയ മേഖലകൾ തുറക്കുന്നതിനും രീതികൾ ആവിഷ്ക്കരിക്കുന്നതിനും ആവശ്യമായ ശേഷിയും കഴിവും ഗണ്യമായി വർദ്ധിപ്പിക്കേണ്ടിയിരിക്കുന്നു. ആദ്യമായി വേണ്ടത് ലോകത്തിന്റെ നാനാ കോണുകളിലായി ഇന്ന് നടന്നു കൊണ്ടിരിക്കുന്ന പരീക്ഷണങ്ങളെ കുറിച്ച് എല്ലാവരും അറിയുക എന്നതാണ്. പരമ്പരാഗത ശാസ്ത്രത്തിന്റേയും ബിസിനസ്സിന്റേയും വൈദ്യശാസ്ത്രത്തിന്റേയും ഒക്കെ മേഖലകളിൽ ഇത് നന്നായി നടക്കുന്നുണ്ട്. സാമൂഹിക സമ്പദ് വ്യവസ്ഥയുടെ ഒരു മേഖല മറ്റൊരു മേഖലയുടെ അനുഭവങ്ങളിൽനിന്ന് പഠിക്കുകഎന്നത് ഇന്ന് അടിയന്തിരമായ ആവശ്യമാണ്. ഇന്നത്തെ പ്രതിസന്ധി തരണം ചെയ്യുന്നതിന്റെ ഭാഗമായി പൊതുമേഖല നേരിടാൻ പോകുന്ന ഞെരുക്കത്തിൽ നിന്ന് രക്ഷപ്പെടാൻ ഇതാവശ്യമാണ്.



ഈ പുസ്തകത്തിലെ കാതലായ വാദമുഖങ്ങൾ, കേരളത്തിൽ വളർന്നു വരുന്ന സാമൂഹിക സംരംഭങ്ങളെ സംബന്ധിച്ചിടത്തോളം പ്രധാനമാണ്. അവർക്കത് ലഭ്യമാകണമെങ്കിൽ, ഇത് മലയാളത്തിൽ വരണം. കടിച്ചുപിടിച്ചു കൊണ്ടുള്ള പദാനുപദ തർജമയല്ല വേണ്ടത്. ഇംഗ്ലീഷ് അറിയാവുന്നവർക്കു തന്നെ ഓരോ ഖണ്ഡികയും രണ്ടു തവണ വായിച്ചാലേ അർത്ഥം മനസ്സിലാകൂ. പുസ്തകത്തിലെ വാദമുഖങ്ങൾ ലളിതമായി പ്രതിപാദിക്കുന്ന തരത്തിലുള്ള ഒരു പുനരാഖ്യാനമാണ് വേണ്ടത്.